## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2342** — **18.03.2015-ൽ മറുപടിയ്ക്ക്**

### പ്രാക്തന ഗോത്ര വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി (പി.വി.ടി.ജി) പ്രകാരം, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | എ) | ചാലക്കുടി മണ്ഡലത്തിൽ പി.വി.റ്റി.ജി പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| ബി) | വീടുകളുടെ നിർമ്മാണം ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും പണി പൂർത്തിയാക്കാത്തതു മൂലം പ്രസ്തുത കുടുംബങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും, പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള കെടുകാര്യസ്ഥതയും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഇല്ല. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ആക്ഷേപങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ഇത്തരം വികസന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സുതാര്യമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ